# അല്ലാഹു അല്ലാത്തവരോടുള്ള സഹായാർത്ഥന ശിർക്കാകുന്നു

അല്ലാഹുﷻ പറഞ്ഞു:

﴿ وَلَا تَدۡعُ مِن دُونِ ٱللَّهِ مَا لَا يَنفَعُكَ وَلَا يَضُرُّكَۖ فَإِن فَعَلۡتَ فَإِنَّكَ إِذٗا مِّنَ ٱلظَّٰلِمِينَ ۝١٠٦ وَإِن يَمۡسَسۡكَ ٱللَّهُ بِضُرّٖ فَلَا كَاشِفَ لَهُۥٓ إِلَّا هُوَۖ وَإِن يُرِدۡكَ بِخَيۡرٖ فَلَا رَآدَّ لِفَضۡلِهِۦۚ يُصِيبُ بِهِۦ مَن يَشَآءُ مِنۡ عِبَادِهِۦۚ وَهُوَ ٱلۡغَفُورُ ٱلرَّحِيمُ ﴾

(അല്ലാഹുവിന് പുറമെ നിനക്ക് ഉപകാരം ചെയ്യാത്തതും, നിനക്ക് ഉപദ്രവം ചെയ്യാത്തതുമായ യാതൊന്നിനോടും നീ പ്രാർത്ഥിക്കരുത്. നീ അപ്രകാരം ചെയ്യുന്നപക്ഷം തീർച്ചയായും നീ അക്രമികളുടെ കൂട്ടത്തിലായിരിക്കും. നിനക്ക് അല്ലാഹു വല്ലദോഷവും ഏൽപിക്കുന്നപക്ഷം അവനൊഴികെ അത് നീക്കം ചെയ്യാൻ ഒരാളുമില്ല. അവൻ നിനക്ക് വല്ല ഗുണവും ഉദ്ദേശിക്കുന്നപക്ഷം അവന്റെ അനുഗ്രഹം തട്ടിമാറ്റാൻ ഒരാളുമില്ല. തന്റെ ദാസന്മാരിൽനിന്ന് താൻ ഇച്ഛിക്കുന്നവർക്ക് അത് (അനുഗ്രഹം) അവൻ അനുഭവിപ്പിക്കുന്നു. അവൻ ഏറെ പൊറുക്കുന്നവനും കരുണാനിധിയുമത്രെ) (വി.ഖു. 10: 106,107)

അല്ലാഹുﷻ പറഞ്ഞു:

﴿ فَٱبۡتَغُواْ عِندَ ٱللَّهِ ٱلرِّزۡقَ وَٱعۡبُدُوهُ وَٱشۡكُرُواْ لَهُۥٓۖ إِلَيۡهِ تُرۡجَعُونَ ﴾

(അതിനാൽ നിങ്ങൾ അല്ലാഹുവിങ്കൽ ഉപജീവനം തേടുകയും, അവനെ ആരാധിക്കുകയും അവനോട് നന്ദി കാണിക്കുകയും ചെയ്യുക. അവങ്കലേക്കാണ് നിങ്ങൾ മടക്കപ്പെടുന്നത്.)
(വി.ഖു. 29:17)

അല്ലാഹുﷻ പറഞ്ഞു:

﴿ وَمَنْ أَضَلُّ مِمَّن يَدْعُواْ مِن دُونِ ٱللَّهِ مَن لَّا يَسْتَجِيبُ لَهُۥٓ إِلَىٰ يَوْمِ ٱلْقِيَـٰمَةِ وَهُمْ عَن دُعَآئِهِمْ غَـٰفِلُونَ ۝ وَإِذَا حُشِرَ ٱلنَّاسُ كَانُواْ لَهُمْ أَعْدَآءً وَكَانُواْ بِعِبَادَتِهِمْ كَـٰفِرِينَ ﴾

(അല്ലാഹുവിന് പുറമെ, ഉയിർത്തെഴുന്നേൽപിന്റെ നാളുവരെയും തനിക്ക് ഉത്തരം നൽകാത്തവരെ വിളിച്ചു പ്രാർത്ഥിക്കുന്നവനേക്കാൾ വഴിപിഴച്ചവർ ആരുണ്ട്? അവരാകട്ടെ ഇവരുടെ പ്രാർത്ഥനയെപ്പറ്റി ബോധമില്ലാത്തവരാകുന്നു. മനുഷ്യരെല്ലാം ഒരുമിച്ചുകൂട്ടപ്പെടുന്ന സന്ദർഭത്തിൽ അവർ ഇവരുടെ ശത്രുക്കളായിരിക്കുകയും ചെയ്യും. ഇവർ അവരെ ആരാധിച്ചിരുന്നതിനെ അവർ നിഷേധിക്കുന്നവരായിത്തീരുകയും ചെയ്യും.)
(വി.ക്വു. 46: 5,6)

അല്ലാഹു ﷻ പറഞ്ഞു:

﴿ أَمَّن يُجِيبُ ٱلْمُضْطَرَّ إِذَا دَعَاهُ وَيَكْشِفُ ٱلسُّوٓءَ وَيَجْعَلُكُمْ خُلَفَآءَ ٱلْأَرْضِ ۗ أَءِلَـٰهٌ مَّعَ ٱللَّهِ ۚ قَلِيلًا مَّا تَذَكَّرُونَ ﴾

(അഥവാ, കഷ്ടപ്പെട്ടവൻ വിളിച്ചു പ്രാർത്ഥിച്ചാൽ അവന്നുത്തരം നൽകുകയും, വിഷമം നീക്കികൊടുക്കുകയും, നിങ്ങളെ ഭൂമിയിൽ പ്രതിനിധികളാക്കുകയും ചെയ്യുന്നവനോ (അതല്ല, അവരുടെ ദൈവങ്ങളോ?) അല്ലാഹുവോടൊപ്പം വേറെ വല്ല ദൈവങ്ങളുമുണ്ടോ? കുറച്ചു മാത്രമേ നിങ്ങൾ ആലോചിച്ചു മനസ്സിലാക്കുന്നുള്ളു.) (വി.ക്വു. 27: 62)

ഉബാദത്ത് ബിൻ സ്വാമിത് ﵁ വിൽനിന്ന് നിവേദനം:

أنه كان في زمنِ النبيِ ﷺ منافقٌ يُؤْذِي المُؤمنينَ، فقالَ بعضُهُمْ: قُومُوا بنَا نَستغيثُ برسولِ اللهِ ﷺ مِنْ هذَا المنافقِ. فقالَ النَّبِيُّ ﷺ : «إِنَّهُ لاَ يُسْتَغَاثُ بِي، إِنَّمَا يُسْتَغَاثُ باللهِ ﷻ».

‘‘നബി ﷺ യുടെ കാലത്ത് വിശ്വാസികളെ ഉപദ്രവിക്കുന്ന ഒരു കപടവിശ്വാസിയുണ്ടായിരുന്നു. അപ്പോൾ ചില സ്വഹാബികൾ പറഞ്ഞു: വരൂ നമുക്ക് ഈ കപടവിശ്വാസിയിൽനിന്ന് അല്ലാഹുവിന്റെ റസൂലിനോട് സഹായാർത്ഥന നടത്താം. അപ്പോൾ നബി ﷺ പറഞ്ഞു:

“നിശ്ചയം, എന്നോടു സഹായാർത്ഥന പാടില്ല, സഹായാർത്ഥന അല്ലാഹുവോടു മാത്രം.” [1]

**<u>ഈ അദ്ധ്യായം ഉൾക്കൊണ്ട വിഷയങ്ങൾ:</u>**

- ‘ദുആഅ്’നെ ‘ഇസ്തിഗാഥ’യോട് ‘അത്ഫ്’ ചെയ്തത്. ഇത് ‘ആമ്’ ആയതിനെ ‘ഖാസ്വ്’ ആയതിനോട് ‘അത്ഫ്’ ചെയ്യുന്നതിൽപ്പെട്ടതാണ്. (‘ദുആഅ്’ അഥവാ പ്രാർത്ഥന എന്നത്, ‘ഇസ്തിഗാഥ’ അഥവാ സഹായാർത്ഥന അടക്കമുള്ള മുഴുവൻ തേട്ടങ്ങളേയും അപേക്ഷകളേയും ഉൾകൊള്ളുന്ന ‘ആമ്’ ആയ (പൊതുവായ) വചനമാണ്. ഈ രീതിയിൽ ‘ഇസ്തിഗാഥ’ (സഹായാർത്ഥന) ‘ഖാസ്വ്’ ആയ (പ്രത്യേകമായ) വചനമാണ്. വിവ:)
- (അല്ലാഹുവിനു പുറമേ നിനക്ക് ഉപകാരം ചെയ്യാത്തതും, നിനക്ക് ഉപദ്രവം ചെയ്യാത്തതുമായ യാതൊന്നിനോടും നീ പ്രാർത്ഥിക്കരുത്…) ഈ ആയത്തിന്റെ തഫ്സീർ.
- ഇത്, ഇതുതന്നെയാണ് വലിയ ശിർക്ക്.
- നിശ്ചയം, ജനങ്ങളിൽ ഏറ്റവും വലിയ സൽവൃദ്ധൻ പോലും ഈ പ്രവൃത്തി മറ്റുള്ളവരെ പ്രീതിപ്പെടുത്തുവാൻ ചെയ്താൽ അവൻ അക്രമികളിൽപ്പെട്ടുപോകും.
- (നിനക്ക് അല്ലാഹു വല്ല ദോഷവും ഏല്പിക്കുന്ന പക്ഷം അവ നൊഴികെ അത് നീക്കം ചെയ്യുവാൻ ഒരാളുമില്ല. അവൻ നിനക്ക് വല്ലഗുണവും ഉദ്ദേശിക്കുന്നപക്ഷം അവന്റെ അനുഗ്രഹം തട്ടി മാറ്റുവാൻ ഒരാളുമില്ല. തന്റെ ദാസന്മാരിൽനിന്ന് താൻ ഇച്ഛിക്കുന്നവർക്ക് അത് (അനുഗ്രഹം) അവൻ അനുഭവിപ്പിക്കുന്നു. അവൻ ഏറെപൊറുക്കുന്നവനും കരുണാനിധിയുമത്രെ) ഈ ആയത്തിന്റെ തഫ്സീർ.
- അല്ലാഹു ﷻ അല്ലാത്തവരോടുള്ള ‘ദുആഅ്’ കുഫ്റാണെന്ന തിനോടൊപ്പം അത് ഇഹത്തിൽ ഉപകരിക്കുകയുമില്ല.
- (നിങ്ങൾ അല്ലാഹുവിനു പുറമെ ചില വിഗ്രഹങ്ങളെ ആരാധി ക്കുകയും, കള്ളം കെട്ടിയുണ്ടാക്കുകയുമാണ് ചെയ്യുന്നത്. അല്ലാഹുവിനു പുറമെ നിങ്ങൾ ആരാധിക്കുന്നത് ആരെയാണോ അവർ നിങ്ങൾക്കുള്ള ഉപജീവനം അധീനമാക്കുന്നില്ല. അതിനാൽ

---

[1] ത്വബറാനി, അൽമുഅ്ജമുൽ കബീർ. ഇമാം ഹൈഥമി പറഞ്ഞു: ഹദീഥ് ‘ഹസനാ’കുന്നു.

നിങ്ങൾ അല്ലാഹുവിങ്കൽ ഉപജീവനം തേടുകയും, അവനെ ആരാധിക്കുകയും അവനോട് നന്ദി കാണിക്കുകയും ചെയ്യുക. അവങ്കലേക്കാണ് നിങ്ങൾ മടക്കപ്പെടുന്നത്.) ഈ ആയത്തിന്റെ തഫ്സീർ.

- ഉപജീവനം അല്ലാഹുﷻയോടേ തേടുവാൻ പാടുള്ളൂ, സ്വർഗ്ഗം അല്ലാഹുﷻയോട് തേടുന്നതുപോലെ.
- (അല്ലാഹുവിനു പുറമേ, ഉയിർത്തെഴുന്നേൽപ്പിന്റെ നാളുവരെയും തനിക്ക് ഉത്തരം നൽകാത്തവരെ വിളിച്ചു പ്രാർത്ഥിക്കുന്നവനെക്കാൾ വഴിപിഴച്ചവൻ ആരുണ്ട്? അവരാകട്ടെ ഇവരുടെ പ്രാർത്ഥനയെപ്പറ്റി ബോധമില്ലാത്തവരാകുന്നു. മനുഷ്യരെല്ലാം ഒരുമിച്ചുകൂട്ടപ്പെടുന്ന സന്ദർഭത്തിൽ അവർ ഇവരുടെ ശത്രുക്കളായിരിക്കുകയും ചെയ്യും. ഇവർ അവരെ ആരാധിച്ചിരുന്നതിനെ അവർ നിഷേധിക്കുന്നവരായിത്തീരുകയും ചെയ്യും.) ഈ ആയത്തിന്റെ തഫ്സീർ.
- അല്ലാഹുﷻ അല്ലാത്തവരോട് 'ദുആ' ചെയ്യുന്നവരേക്കാൾ വഴിപിഴച്ചവർ ആരുമില്ല.
- അല്ലാഹുﷻ അല്ലാതെ ദുആ ഇരക്കപ്പെടുന്നവർ പ്രാർത്ഥിക്കുന്നവന്റെ പ്രാർത്ഥനയിൽ നിന്നും അശ്രദ്ധനാണ്. അവർ അത് അറിയുന്നതേയില്ല.
- പ്രസ്തുത 'ദുആഅ്', പ്രാർത്ഥിക്കുന്നവനോട് പ്രാർത്ഥിക്കപ്പെടുന്നവന്റെ കോപത്തിനും ശത്രുതക്കും കാരണമാണ്.
- പ്രസ്തുത 'ദുആഅ് ' പ്രാർത്ഥിക്കപ്പെടുന്നവർക്കുള്ള 'ഇബാദത് ' ആണ് എന്ന നാമകരണം.
- ആ ഇബാദത്തിനെ പ്രാർത്ഥിക്കപ്പെടുന്നവർ നിഷേധിക്കും.
- ഈ കാര്യങ്ങളാണ് അല്ലാഹുﷻ അല്ലാത്തവരോട് 'ദുആഅ്' ചെയ്യുന്നവൻ ഏറ്റവും വഴിതെറ്റിയവനായിത്തീരുവാനുള്ള കാരണം.
- (അഥവാ, കഷ്ടപ്പെട്ടവൻ വിളിച്ചുപ്രാർത്ഥിച്ചാൽ അവന് ഉത്തരം നൽകുകയും വിഷമം നീക്കികൊടുക്കുകയും, നിങ്ങളെ ഭൂമിയിൽ പ്രതിനിധികളാക്കുകയും ചെയ്യുന്നവനോ (അതല്ല, അവരുടെ ദൈവങ്ങളോ?) അല്ലാഹുവോടൊപ്പം വേറെ വല്ല ദൈവവുമുണ്ടോ? കുറച്ചുമാത്രമേ നിങ്ങൾ ആലോചിച്ചു മനസ്സിലാക്കുന്നുള്ളു. ) ഈ ആയത്തിന്റെ തഫ്സീർ.
- ഏറ്റവും അത്ഭുതകരമായ കാര്യം; വിഗ്രഹാരാധകർ നിർബന്ധിതന്റെ വിളിക്ക് അല്ലാഹുﷻ അല്ലാതെ മറ്റാരും ഉത്തരം നൽകില്ല എന്ന് അംഗീകരിക്കുന്നവരാണ്. അതിനാലാണ്

വിപൽഘട്ടങ്ങളിൽ അവർ കീഴ്‌വണക്കം അല്ലാഹുﷻക്ക് മാത്ര മാക്കി അവർ അവനോട് മാത്രം ‘ദുആ’യിരക്കുന്നത്.

- നബിﷺ തൗഹീദിന്റെ സംരക്ഷണവൃത്തം കാത്തുസൂക്ഷിച്ചത്. പ്രവാചകൻﷺ, അല്ലാഹുﷻയോട് ‘അദബോ’ടെ വർത്തിച്ചത്.

**ശൈഖ് മുഹമ്മദ് ഇബ്നു അബ്ദിൽ വഹ്ഹാബ് (റഹിമഹുല്ല)യുടെ കിതാബുത്തൗഹീദിൽ നിന്ന്**

**വിവർത്തനം**
**അബ്ദുൽ ജബ്ബാർ അബ്ദുല്ല**